ജനാധിപത്യ സമൂഹത്തിൽ ഇന്നും ഏറെ വികസിച്ചുവരാനുള്ള സുതാര്യമായ സമൂഹ്യസംവിധാനങ്ങളിലൂടെയാണ് മത്സരാധിഷ്ഠിത വിപണിയുടെ പ്രവർത്തനത്തെ സുതാര്യവും ആരോഗ്യകരവുമാകാൻ കഴിയുക. അതിന് കുറുക്കുവഴികളൊന്നുമില്ല.

ഗ്രാൻറ് കേരള ഷോപ്പിങ്ങ് ഫെസ്റ്റിവലിന്റെ പശ്ചാത്തലത്തിൽ വിപണിയെക്കുറിച്ചുള്ള വീക്ഷണങ്ങൾ ലേഖകൻ പങ്കുവെക്കുന്നു.

# വിപണി എന്നാൽ

കെ. വേണു

കേരളത്തിൽ ഇപ്പോൾ ഒരു പതിവ് പരിപാടിയായിരിക്കുന്നു ഷോപ്പിംഗ് ഫെസ്റ്റിവെൽ. മത്സരാധിഷ്ഠിത വിപണിയിൽ സ്വാഭാവികമായി സംഭവിക്കുന്ന ഒരു കാര്യമാണിത്. ഇവിടെ സർക്കാരിന്റെ മുൻകയ്യിൽ നടക്കുന്ന വിപണി, മേള എന്ന പ്രത്യേകതയുണ്ട്താനും. ചില കോണുകളിലെങ്കിലും ഇതിനെതിരെ ഉയരുന്ന ചർച്ചകളുടെ പശ്ചാത്തലത്തിൽ ഇത്തരമൊരു സംഭവുമായി ബന്ധപ്പെട്ടയാഥാർത്ഥ്യങ്ങളെന്താണെന്ന് നോക്കാം.

വിപണി എന്ന് കേട്ടാൽ അതെന്തോ സാമൂഹ്യദ്രോഹപരമായ കാര്യമാണെന്ന് ചിന്തിക്കുന്ന കുറെപ്പേരെങ്കിലും നമ്മുടെ നാട്ടിലും ലോകത്തെമ്പാടുമുണ്ട്. ഗോത്രസാമൂഹകാലഘട്ടത്തിൽ മനുഷ്യൻ പ്രാഥമികതലത്തിലുള്ള ഉല്പാദന പ്രവർത്തനം ആരംഭിച്ചതോടെ കന്നുകാലികളും ധാന്യങ്ങളുമെല്ലാം പരസ്പരം കൈമാറാൻ തുടങ്ങിയതോടെ ഉടലെടുത്തതാണ് വിപണി. മനുഷ്യ സമൂഹത്തിൽ സാമൂഹ്യമായ സാമ്പത്തിക പ്രവർത്തനത്തിന്റെ അവിഭാജ്യഘടകമാണ് വിപണി. വിപണിയെ കൂടാതെ ആരോഗ്യകരമായ സാമ്പത്തിക പ്രവർത്തനം അസാധ്യമാണെന്നതാണ് യാഥാർത്ഥ്യം. വിപണിയില്ലാത്ത ഒരു സാമൂഹ്യവ്യസ്ഥയെ കുറിച്ച് സങ്കല്പിച്ച മാർക്സിന് പറ്റിയത് ചരിത്രപരമായ മണ്ടത്തരമായിരുന്നുവെന്ന് മുൻസോഷ്യലിസ്റ്റ് രാജ്യങ്ങളുടെ ചരിത്രം തെളിയിച്ചു കഴിഞ്ഞതാണ്. വിപണിയിലൂടെ എല്ലാ സാമൂഹ്യ പ്രശ്നങ്ങളും പരിഹരിക്കപ്പെടുമെന്ന് കരുതുന്ന മറ്റൊരു കൂട്ടരുണ്ട്. മുകളിൽ പറഞ്ഞ ചരിത്രപരമായ മണ്ടത്തരത്തിന്റെ മറ്റുവശമാണത്.

വിപണിയുടെ പ്രവർത്തനം മത്സരധിഷ്ഠിതമാവുമ്പോഴാണ് അത് സ്വാഭാവികവും ജീവസ്സുറ്റതുമാവുക. അതേ സമയം മത്സരം കഴുത്തറപ്പനാകാതെ മേൽ നോട്ടം വഹിയ്ക്കേണ്ടത് സർക്കാരുകളും മറ്റ് സാമൂഹ്യ സംവിധാനങ്ങളുമാണ്. ജനാധിപത്യ സമൂഹത്തിൽ ഇന്നും ഏറെ വികസിച്ചുവരാനുള്ള സുതാര്യമായ സമൂഹ്യസംവിധാനങ്ങളിലൂടെയാണ് മത്സരാധിഷ്ഠിത വിപണിയുടെ പ്രവർത്തനത്തെ സുതാര്യവും ആരോഗ്യകരവുമാകാൻ കഴിയുക. അതിന് കുറുക്കുവഴികളൊന്നുമില്ല.

ഇപ്പോൾ കേരളത്തിലെ വിപണിമേളയുടെ കാര്യം തന്നെ നോക്കാം. തുറന്ന വിപണിയുടെ പ്രവർത്തനത്തെ അംഗീകരിക്കുന്ന സർക്കാരുകളാണ്, ഇടതുപക്ഷത്തിന്റെയായാലും വലതുപക്ഷത്തിന്റെയായാലും ഇവിടെ ഭരിക്കുന്നത് . ഇപ്പോഴത്തെ ധനമന്ത്രി തോമസ് ഐസക്, കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട സാമ്പത്തിക പ്രവർത്തനരംഗമായ വ്യാപരമേഖലയിൽ നിന്ന് പരമാവധി വില്പനനികുതി പിടിച്ചെടുക്കാൻ വേണ്ടി നടത്തിയിരിക്കുന്ന വിവിധസംരംഭങ്ങളുടെ തുടർച്ചയായിട്ടാണ് ഈ വിപണിമേള ആവിഷ്കരിച്ചത്. നിശ്ചിത കാലയളവിൽ നടക്കുന്ന കേന്ദ്രീകരിച്ച വ്യാപാര പ്രക്രിയയുടെ സിംഹഭാഗവും സർക്കാരിന്റെ മേൽ നോട്ടത്തിൽ വരുന്നതു വഴി പരമാവധി വില്പനനികുതി സമാഹരിക്കാൻ സർക്കാരിന് കഴിയുന്നു. ഇത്തവണ കഴിഞ്ഞ തവണത്തെ അപേക്ഷിച്ച് ഏറെ നേട്ടമുണ്ടാക്കാൻ കഴിയുമെന്നാണ് സർക്കാർ കരുതുന്നത്. സർക്കാരിന്റെ റവന്യൂവരുമാനം ഗണ്യമായി വർദ്ധിപ്പിക്കാൻ കഴിയുന്നത് സർക്കാരിന് മാത്രമല്ല സമൂഹത്തിന് മൊത്തത്തിലും ഗുണമുണ്ടാക്കുന്ന കാര്യമാണ്.

തുറന്ന മത്സരത്തിന് ഊന്നി പ്രവർത്തിക്കുന്ന ഏതു വിപണിയും ഉപഭോക്താവിന് ഗുണകരമായി തീരും എന്നതാണ് വാസ്തവം. മെച്ചപ്പെട്ട ഉല്പന്നങ്ങൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കാൻ മത്സരം സഹായകമായിതീരുന്നു എന്നതാണ് പൊതു അനുഭവം. പലപ്പോഴും അപവാദങ്ങൾ ഉണ്ടാകുമെങ്കിലും നിയന്ത്രണങ്ങൾക്ക് വിധേയമാകാത്ത പരസ്യങ്ങൾ ഉപഭോക്താവിനെ തെറ്റിദ്ധരിപ്പിക്കുകയും വഞ്ചിക്കുകയും ചെയ്യുന്നു എന്ന ആരോപണം സാധ്യമാണ്. പക്ഷെ, സാമാന്യബുദ്ധിയുള്ള ബഹുഭൂരിപക്ഷം ഉപഭോക്താക്കളും തുടർച്ചയായി വഞ്ചിക്കപ്പെടാറില്ല. ഒരിക്കൽ വഞ്ചിതനായി എന്ന് ബോധ്യപ്പെട്ടാൽ സാധാരണക്കാർ അത്തരം ഉല്പന്നങ്ങൾ ഉപേക്ഷിക്കുകയുള്ളു. മത്സരാധിഷ്ഠിത വിപണിയുടെ പ്രധാനപ്പെട്ട ഗുണമാണിത്. ഉപഭോക്താക്കളുടെ ജീവിതം മെച്ചപ്പെട്ടതാക്കാൻ സഹായിക്കുന്ന ഉല്പന്നങ്ങൾ മാത്രമെ മത്സരാധിഷ്ഠിത വിപണിയിൽ അധികനാൾ പിടിച്ചു നിൽക്കുകയുള്ളു. ഇപ്പോഴത്തെ വിപണിമേളയിലും മത്സരാധിഷ്ഠിതവിപണികളുടെ ഈ രീതികൾ തന്നെയാണ് പ്രവർത്തിക്കുന്നത്. പരിഹരിക്കപ്പെട്ടേണ്ടതായ ദൂഷ്യവശങ്ങൾ പലതും കാണാം. പക്ഷേ, ഒട്ടുമൊത്തത്തിൽ അതൊരു നിഷേധാത്മക പ്രക്രിയയല്ല.